# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi, Ernakulam)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

---

**തീയതി: 29/06/2018.**

**വിഷയം: " മക്കൾ കണ്ണിന്റെ കുളിർമ്മ യാകാൻ "**

---

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿فرقان: ٧٤﴾

➤ മനുഷ്യന് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ അതിപ്രധാനമായ ഒന്നാണ് സന്താനങ്ങൾ. ജീവിതത്തിന്റെ ആനന്ദവും സന്തോഷവുമാണ് മക്കൾ. മുതിർന്നു കഴിഞ്ഞാൽ നമുക്ക് ശക്തിയും പിന്തുണയും സഹായവുമാണവർ.

الْمَالُ وَالْبَنُونَ زِينَةُ الْحَيَاةِ الدُّنْيَا ۖ ﴿كهف: ٤٦﴾

وَإِنَّمَا كَانَ الْمَالُ وَالْبَنُونَ زِينَةَ الْحَيَاةِ الدُّنْيَا لِأَنَّ فِي الْمَالِ جَمَالًا وَنَفْعًا ، وَفِي الْبَنِينَ قُوَّةً وَدَفْعًا ، فَصَارَا زِينَةَ الْحَيَاةِ الدُّنْيَا (قرطبي)

(=മക്കൾ നമുക്ക് ശക്തി പകരുന്നവരും നമുക്ക് നേരെ വരുന്ന പ്രയാസങ്ങളെ തടഞ്ഞ് നിർത്തുന്നവരുമാണ് ഇതുകൊണ്ടാണ് അലങ്കാരം എന്നു പറഞ്ഞത്).

ജീവിതത്തിന്റെ ഒരു ഘട്ടം കഴിഞ്ഞാൽ അവർ നമുക്ക് സംരക്ഷണവും അഭയവുമാണ്. രോഗാവസ്ഥയിൽ, പ്രായാധിക്യത്തിൽ.

➤ ദുൻയാവിൽ മാത്രമല്ല, പരലോകജീവിതത്തിലും അവർ നമ്മുടെ സഹായികളും രക്ഷകരുമാണ്.

قَالَ رَسُولُ اللَّهِ (ص): إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَمَلُهُ إِلا مِنْ ثَلاثٍ مِنْ صَدَقَةٍ جَارِيَةٍ، أَوْ عِلْمٍ يُنْتَفَعُ بِهِ، أَوْ وَلَدٍ صَالِحٍ يَدْعُو لَهُ (مسلم)

عَنْ سَهْلِ بْنِ مُعَاذٍ الْجُهَنِيِّ عَنْ أَبِيهِ أَنَّ رَسُولَ اللهِ (ص) قَالَ: مَنْ قَرَأَ الْقُرْآنَ وَعَمِلَ بِمَا فِيهِ أُلْبِسَ وَالِدَاهُ تَاجًا يَوْمَ الْقِيَامَةِ ضَوْءُهُ أَحْسَنُ مِنْ ضَوْءِ الشَّمْسِ فِي بُيُوتِ الدُّنْيَا (ابوداود)

ഇതെല്ലാം മക്കൾ വഴി ഒരാൾക്ക് പരലോകത്ത് ലഭിക്കുന്ന നന്മകളാണ്.

➤ ഈ നന്മകൾ ലഭിക്കാൻ സന്താനങ്ങൾ നല്ലവരായിരിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല.

അല്ലാത്തപക്ഷം ദുൻയാവിൽ അവർ അപമാനമാണ്, ഭാരമാണ്. ഇന്ന് എത്രയോ രക്ഷകർത്താക്കൾ മക്കളെകൊണ്ട് വിഷമിക്കുന്നു. അവർ സമ്പത്ത് നശിപ്പിക്കുന്നു. പേരുദോഷമുണ്ടാക്കുന്നു. ദ്രോഹിക്കുന്നു. അന്യരെക്കാൾ ദുഃഖം അവരെ കൊണ്ടാണ്. ഈ മക്കൾ ഉണ്ടായില്ലായിരുന്നുവെങ്കിൽ എന്ന് അവർ ചിന്തിക്കുന്നു.

وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ ﴿انفال: ٢٨﴾

ആഖിറത്തിന്റെ അവസ്ഥയും ഇതു തന്നെയാണ്. അവിടെ അവർ നമുക്കെതിരെ സംസാരിക്കും. ശത്രുക്കളാകും.

يَا أَيُّهَا الَّذِينَ آمَنُوا إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَّكُمْ فَاحْذَرُوهُمْ ۚ وَإِن تَعْفُوا وَتَصْفَحُوا وَتَغْفِرُوا فَإِنَّ اللَّهَ غَفُورٌ رَّحِيمٌ ﴿تعابن: ١٤﴾

مَا عَادُوهُمْ فِي الدُّنْيَا وَلَكِنْ حَمَلَتْهُمْ مَوَدَّتُهُمْ عَلَى أَنْ أَخَذُوا لَهُمُ الْحَرَامَ فَأَعْطَوْهُ إِيَّاهُمْ. (قرطبي)

(= ഈ ശത്രുത ദുൻയാവിലല്ല. മറിച്ച് ആഖിറത്തിലാണ്. കാരണം മക്കളോടുള്ള സ്നേഹത്തിന്റെ പേരിൽ ഹറാമുകൾ സമ്പാദിക്കുകയും അവർക്ക് കൊടുക്കുകയും ചെയ്തു. ഇതിനാൽ പരലോകത്ത് പ്രതികളാകേണ്ടിവരുന്നു.

➤ മക്കൾ സ്വാലിഹീങ്ങളാകാൻ അവരെ മാതൃകാപരമായി വളർത്തിയെടുക്കേണ്ട വലിയ ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. അതിൽ വീഴ്ച വരുത്തിയാൽ മാതാപിതാക്കൾ വലിയ വില കൊടുക്കേണ്ടി വരും.

عَنْ أَبِي هُرَيْرَةَ أَنَّهُ كَانَ يَقُولُ قَالَ رَسُولُ اللَّهِ (ص) مَا مِنْ مَوْلُودٍ إِلَّا يُولَدُ عَلَى الْفِطْرَةِ فَأَبَوَاهُ يُهَوِّدَانِهِ وَيُنَصِّرَانِهِ وَيُمَجِّسَانِهِ (مسلم)

ഇവിടെ മക്കൾ പിഴച്ചുപോകുന്നതിന് മാതാപിതാക്കൾ കാരണക്കാരാകുന്നുവെന്നാണ് നബി(സ്വ) പറയുന്നത്.

➤ ഇതിന് പ്രധാനമായ ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഒന്ന്: ദീനിയ്യായ അവബോധം അവരിൽ വളർത്തിയെടുക്കണം. ഭൗതികമായ അറിവും വിദ്യയും അവരുടെ നല്ല ഭാവിക്ക് ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണ്. മികച്ച വിദ്യാഭ്യാസവും പരിശീലനവും അവർക്കു നാം കൊടുക്കുന്നു. അല്ലാത്തപക്ഷം ദുൻയാവിന്റെ ജീവിതരംഗത്ത് അവർ പിന്തള്ളപ്പെടും.

ഇതുപോലെ ദീനിയ്യായ അറിവില്ലായ്മ ആഖിറത്തിന്റെ ജീവിതത്തിൽ അവരെ പിന്നിലാക്കിക്കളയും. മദ്റസകളിൽ നിർബന്ധമായും അയക്കണം. ആ രംഗത്ത് ''ഇരട്ട വിദ്യാഭ്യാസത്തിന്റെയും അധിക ഭാരം'' നാം ഏറ്റെടുത്തേ മതിയാകൂ. കാരണം നമ്മുടെ ദീൻ കേവലം ഒരു മതവും ആചാരവുമല്ല. ആഖിറത്തിന്റെ വിജയത്തിനുള്ള ഏക മാർഗ്ഗമാണ്.

وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴿آل عمران: ٨٥﴾

➤ രണ്ട്: മതാചാരാനുഷ്ടാനങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ചുറ്റുപാടും അവർക്കുണ്ടാകണം.

മാതാപിതാക്കൾ, വളർന്നു വരുന്ന വീട്ടിലെ അന്തരീക്ഷം ഇതെല്ലാം കുട്ടികളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അവിടെ നിന്ന് ദീനിനോടും അതിന്റെ സംസ്കാരത്തോടും വലിയ മതിപ്പും ഭക്തിയും രൂപപ്പെടും.

വിശിഷ്യാ ചെറുപ്രായത്തിൽ തന്നെ ഇത് ഉണ്ടായാൽ കല്ലിൽ കൊത്തിയപോലെ അവരുടെ ഹൃദയത്തിൽ പതിയും. ഉദാ: ഹസ്ൻ (റ) ഹുസൈൻ (റ) മദീന പള്ളിയിൽ കൂട്ടിയിട്ടിരുന്ന സക്കാത്തിന്റെ ഈത്തപ്പഴം എടുത്തപ്പോൾ നബി(സ്വ) അത് അവരിൽ നിന്ന് തിരിച്ച് വാങ്ങുകയും അവരെ ഉപ്ദേശിക്കകയും ചെയ്തു. പുറം അന്തരീക്ഷത്തിൽ പടർന്നുകൊണ്ടിരിക്കുന്ന മാരകമായ അധാർമ്മികതയും ഇസ്‌ലാം വിരുദ്ധ നീക്കങ്ങളും അവരിൽ ഏശാത്തവിധം കുടുംബാന്തരീക്ഷം ശക്തമാകണം.

അല്ലാത്തപക്ഷം ''രിദ്ദത്ത്'' ഓരോ നാട്ടിലും കുടുംബത്തിലും കടന്നുവരും. ഇക്കഴിഞ്ഞ റമളാൻ 29 ന പോലും കേരളത്തിൽ മുസ്‌ലിം യുവതി പരസ്യമായി മതം മാറുകയും അന്യ സമുദായക്കാരനെ വിവാഹം കഴിക്കുകയും ചെയ്തു. രാജ്യത്തെ സംവിധാനങ്ങൾ മുഴുവനും രിദ്ദത്തിന് വേണ്ടി നിലകൊള്ളുകയാണ്. ദാരിദ്രം, പീഢനം, മരണം എന്നിവയെക്കൾ നാം ഭയക്കേണ്ടത് രിദ്ദത്തിനെയാണ്. കാരണം അത് ശാശ്വതമായ പരലോകത്തെ തകർക്കും.

وَمَن يَرْتَدِدْ مِنكُمْ عَن دِينِهِ فَيَمُتْ وَهُوَ كَافِرٌ فَأُولَٰئِكَ حَبِطَتْ أَعْمَالُهُمْ فِي الدُّنْيَا وَالْآخِرَةِ ۖ وَأُولَٰئِكَ أَصْحَابُ النَّارِ ﴿بقرة: ٢١٧﴾

വിശിഷ്യാ പെൺമക്കളുടെ കാര്യത്തിൽ “കുടുംബ സ്വാധീനം” ശക്തമാക്കണം. അവർക്കെതിരെ കെണിവലകൾ മുറുകുകയാണ്. അവരുടെ തകർച്ച വ്യക്തിയെ അല്ല, തലമുറകളെ തന്നെ തകർത്ത് കളയും. ഇതിനെല്ലാം പരിഹാരം മതാഭിമുഖ്യമുള്ള നല്ല ഗ്രഹാന്തരീക്ഷം ഉണ്ടാക്കലാണ്.

ഇത് ശരിയാകാതെ പാഠപുസ്തകങ്ങളും അതിലെ അക്ഷരങ്ങളും മാത്രം ഒരാളെ സ്വാധീനിക്കുകയില്ല. അഥവാ ഫലപ്പെടുകയില്ല.

➢ മൂന്ന്: മക്കളുടെ കാര്യത്തിൽ ഉൽക്കണ്ഠ നിറഞ്ഞ പ്രാർത്ഥനകൾ ശക്തമാകണം.

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿فرقان: ٧٤﴾

ഖുർആൻ അനേകം അനുഗ്രഹങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും കൺകുളിർമ്മ എന്ന് പറഞ്ഞത് മക്കളെ കറിച്ച് മാത്രമാണ്. ഇവിടെ നമ്മെ ഇമാം ആക്കണം എന്നു പറയുന്നതിന്റെ താൽപ്പര്യം മക്കളും തലമുറയും നാം തുടർന്നുവരുന്ന വഴിയിൽ നമ്മെ തുടരണം എന്നാണ്.

(إِمَامًا) أي: نَتَّبِعُ مَنْ قَبْلَنَا وَيَتَّبِعُنَا مَنْ بَعْدَنَا (بخاري)

അവരുടെ വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക വിജയങ്ങൾക്കായി ദുആ ചെയ്യുന്നവർ ഒപ്പം അവരുടെ ദീനീ ജീവിതത്തിന്റെയും പരലോക ജീവിതത്തിന്റെയും വിജയത്തിനു വേണ്ടിയും ദുആ ചെയ്തു കൊണ്ടിരിക്കണം.

فَمِنَ النَّاسِ مَن يَقُولُ رَبَّنَا آتِنَا فِي الدُّنْيَا وَمَا لَهُ فِي الْآخِرَةِ مِنْ خَلَاقٍ * وَمِنْهُم مَّن يَقُولُ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ ﴿بقرة: ٢٠١﴾

∆ ∆ ∆